തിരുവനന്തപുരം :

എൻ.സി.സി. നഗർ ഭവന പദ്ധതിയിൽ 54 പേർക്ക് വീടും സ്ഥലവും അനുവദിച്ചു. ഇതിൽ ഒരാൾ ഫ്ലാറ്റ് തിരികെ ബോർഡിനെ ഏൽപ്പിച്ചു

കൊല്ലം :

കടപ്പാക്കട ഭവന പദ്ധതിയിൽ 11 പത്രപ്രവർത്തകർക്ക് പ്ലോട്ടുകൾ അനുവദിച്ചു

കോട്ടയം :

കുഞ്ഞിക്കഴി (വാർത്താ നഗർ) ഭവന പദ്ധതിയിൽ 14 പേർക്ക് വീടും സ്ഥലവും അനുവദിച്ചു

പാലക്കാട് :

വാർത്താനഗർ ഭവന പദ്ധതിയിൽ 2 പേർക്ക് വീടും 2 പേർക്ക് സ്ഥലവും അനുവദിച്ചു

കോഴിക്കോട് :

ബിലാത്തിക്കുളം ഭവന പദ്ധതിയിൽ 24 പത്രപ്രവർത്തകർക്ക് ഫ്ലാറ്റുകൾ അനുവദിച്ചു.

(ഇ) പത്രപ്രവർത്തക, അവശ പത്രപ്രവർത്തക, പ്രമുഖ പത്രപ്രവർത്തക, പത്ര പ്രവർത്തകേതര എന്നീ പെൻഷനുകളും അവരുടെ ആശ്രിത പെൻഷനുകളുമാണ് വിവര പൊതുജന സമ്പർക്ക വകുപ്പ് വഴി നൽകിവരുന്നത്. 2010-ലെ കേരള സാംസ്കാരിക പ്രവർത്തക ക്ഷേമനിധി ആക്ട് പ്രകാരം സിനിമ, ഇലക്ട്രോണിക്സ് മാധ്യമം, കേബിളും, കേബിൾ ശൃംഖലയിലും പ്രവർത്തിക്കുന്നവർക്ക് കേരള സാംസ്കാരിക പ്രവർത്തക ക്ഷേമനിധിയിൽ അംഗത്വം എടുക്കാവുന്നതും അപ്രകാരം ക്ഷേമനിധി പദ്ധതി പ്രകാരമുള്ള പെൻഷനുകൾ ഉൾപ്പെടെയുള്ള ആനുകൂല്യങ്ങൾക്ക് അർഹരാകുന്നതുമാണ്. പ്രാദേശിക പത്രപ്രവർത്തകർക്ക് ക്ഷേമനിധിയോ പെൻഷനോ വകുപ്പിൽ നിന്നും നൽകിവരുന്നില്ല.

ഹൃദയ സ്കീം

64 (1535) ശ്രീ. ജോസ് തെറ്റയിൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആദിശങ്കരന്റെ ജന്മഭൂമിയായ കാലടിയെ കേന്ദ്രസർക്കാരിന്റെ ഹൃദയ സ്കീമിൽ ഉൾപ്പെടുത്തി ഹെറിറ്റേജ് സിറ്റിയായി പ്രഖ്യാപിക്കുന്നതിനായി സമർപ്പിച്ച നിർദ്ദേശത്തിൽ നടപടി സ്വീകരിച്ചിട്ടുണ്ടോ;

(ബി) എങ്കിൽ നടപടി എന്തെന്ന് വിശദമാക്കാമോ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ&ബി) കാലടിയെ ഹെറിറ്റേജ് സിറ്റിയായി പ്രഖ്യാപിക്കണമെന്ന് ആവശ്യപ്പെട്ട് കൊണ്ടുള്ള ഒരു നിവേദനം ബഹുമാനപ്പെട്ട മുഖ്യമന്ത്രി കേന്ദ്ര സർക്കാരിന് സമർപ്പിച്ചിരുന്നുവെങ്കിലും ഇതുവരെ ഇക്കാര്യത്തിൽ കേന്ദ്ര സർക്കാർ തീരുമാനമൊന്നും എടുത്ത് അറിയിച്ചിട്ടില്ല.

മഹാകവി എൻ.എൻ. കക്കാട് സ്മാരക നിർമ്മാണം

65 (1536) ശ്രീ. പുരുഷൻ കടലുണ്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ബാലുശ്ശേരി അസംബ്ലി മണ്ഡലത്തിലെ കോട്ടൂർ ഗ്രാമ പഞ്ചായത്തിൽ അനുവദിച്ച മഹാകവി എൻ.എൻ. കക്കാട് സ്മാരകത്തിന്റെ നിർമ്മാണം സംബന്ധിച്ച നടപടികളുടെ പുരോഗതി അറിയിക്കുമോ ;

(ബി) സ്മാരക നിർമ്മാണത്തിന് ഭൂമി ലഭ്യമാക്കിയ കാര്യം അറിയിച്ചിട്ടുണ്ടോ;

(സി) സ്മാരക കെട്ടിടത്തിന് പ്ലാനും എസ്റ്റിമേറ്റും തയ്യാറാക്കി സാഹിത്യ അക്കാഡമി സർക്കാരിലേക്ക് സമർപ്പിച്ചിട്ടുണ്ടോ;

(ഡി) സ്മാരക നിർമ്മാണത്തിന് എത്ര തുക അനുവദിച്ചിട്ടുണ്ടെന്ന് അറിയിക്കുമോ?

ഉത്തരം

(എ) കോട്ടൂർ ഗ്രാമപഞ്ചായത്തിൽ, പഞ്ചായത്ത് ലഭ്യമാക്കിയ ഭൂമിയിൽ മഹാകവി എൻ.എൻ.കക്കാടിന് സ്മാരകം പണിയുന്നതിന് 71 ലക്ഷം രൂപയുടെ എസ്റ്റിമേറ്റും പ്ലാനും സമർപ്പിച്ചിട്ടുണ്ട്. ഈ പദ്ധതിക്കാവശ്യമായ ഫണ്ട് സാഹിത്യ അക്കാദമിയുടെ 2016-17 വർഷത്തെ പദ്ധതി വിഹിതത്തിൽ ഉൾപ്പെടുത്തുന്നതിന് നിർദ്ദേശം നൽകിയിട്ടുണ്ട്.

(ബി & സി) ഉണ്ട്.

(ഡി) തുക അനുവദിച്ചിട്ടില്ല.

ടാംവെ പൈതൃക മ്യൂസിയം

66 (1537) ശ്രീ. ബി. ഡി. ദേവസ്സി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ചാലക്കുടി ആസ്ഥാനമായി പ്രവർത്തിച്ചിരുന്ന കൊച്ചിൻ ഫോറസ്റ്റ് ടാംവെയുടെ അവശിഷ്ടങ്ങൾ ശേഖരിച്ച് ചാലക്കുടി ആസ്ഥാനമാക്കി ടാംവെ പൈതൃക മ്യൂസിയം സ്ഥാപിക്കുന്നതിനുള്ള നടപടികൾ ഏത് ഘട്ടത്തിലാണ് എന്ന് വ്യക്തമാക്കുമോ;

(ബി) ചാലക്കുടിയിൽ ടാംവെ പൈതൃക മ്യൂസിയം സ്ഥാപിക്കുന്നതിനുള്ള അടിയന്തര നടപടികൾ സ്വീകരിക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly